**DECEMBER 2015** **U/ID 30727/ULDB/ UGLDB**

Time : Three hours Maximum : 100 marks

PART A — (10 × 3 = 30 marks)

പത്തെണ്ണത്തിന് ഉത്തരമെഴുതുക. ഉത്തരമോരോന്നും
50 വാക്കിൽ കവിയരുത്. സന്ദർഭം, ആശയം, പദൗചിത്യം
എന്നിവ വിശദമാക്കുന്നതായിരിക്കണം ഉത്തരം.

1. ‘‘ദൂരത്തിലെങ്ങോ പടപോലു,മിങ്ങു
പൊക്കുന്നു വെള്ളക്കൊടി നിൻ കപോലം!
ഇത്താളിലോ മാറ്റലർ നിൻ കുലത്തിൻ
കീർത്തിക്കൊലച്ചീട്ടു കുറിച്ചിടേണ്ടൂ?’’

2. “എന്നിൽ തിരുവുള്ളമുണ്ടെന്നാകിൽ
ഭൃത്യന്റെ കുറ്റം പൊറുക്കുമാറാകണം”.

3. “എൻ കരം തോറ്റാലെന്താണെന്മകൻ ജയിക്കുമ്പോൾ
എൻ കണ്ണിലുണ്ണിക്കേലും പുകളെൻ പുകളല്ലേ?”

4. നിയമത്തിൻ പേരിൽ മദിച്ചു തള്ളും
ഭുവനത്തിൽ തത്ത്വസംരക്ഷകന്മാർ
നിഹതരാം മഗ്ദലമേരിമാരെ
മുടിചുറ്റിത്തല്ലുന്നതങ്ങുകണ്ടോ?

5. ഇല്ല ഗതിയെന്നു തീർച്ചയായാൽപ്പുലി

പുല്ലും പതുക്കെ തിന്നുമെന്നില്ലയോ?

6. ''കണ്ണു നീ തുറക്കുക, നീതിപാലകാ, നിന്റെ

ദണ്ഡനമുറകളേ ന്യായത്തെത്തഴപ്പിക്കൂ''

7. വിദിതസമസ്നേഹരാജ്യലക്ഷ്മീ

സദനമതാർക്കും തറവാടല്ലോ.

8. 'ലോകമേ, നിൻ ജഠരത്തിൽ - ഇല്ല

ഏകാന്തതയൊരിടത്തിൽ'.

9. "പക്ഷേ ഞാൻ മടയനല്ല എന്റെ കയ്യിൽ നിന്ന് അയാൾ പറ്റിയിട്ടുള്ള മുഴുവൻ തുകക്കും എന്റെ കയ്യിൽ രേഖയുണ്ട്".

10. ആരു പറഞ്ഞാലും എന്റെ ഹൃദയം എത്ര വേദനിച്ചിട്ടാണത് പറഞ്ഞത്. അറിയാതെങ്കിലും ഞാനും ആ കുറ്റം ചെയ്തവനല്ലേ!

11. നേർച്ച്യോ? നേർച്ച്യം വഴിവാടുമെല്ലാം ദൈവത്തിനല്ലേ? മക്കള്ണ്ടായാല് നാടകം കളിക്കാന്ന് ആരെങ്കിലും നേർച്ച നേരാറ്ണ്ടോ?

12. "ജീവിതം അന്നും ഇന്നും വലിയൊരു പ്രവാഹം തന്നെ. പക്ഷേ, ഓരോരുത്തനും തന്റെ മുഖം കാണാൻ സ്വന്തം കണ്ണാടിതന്നെ വേണം".

PART B — (5 × 6 = 30 marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഉത്തരമോരോന്നും 200 വാക്കിൽ കവിയരുത്.

13. "തച്ചനായാലും ഞാനൊരച്ചനല്ലാതായ്പ്പോമോ?"

- ഇങ്ങനെ വിചാരിക്കാൻ കാരണമെന്ത്?

14. നിസ്വാർത്ഥമായ രാജ്യഭക്തിയാണോ 'ഒരു വീരമാതാവ്' എന്ന കവിതയിലാവിഷ്കൃതമാകുന്നത്? പരിശോധിക്കുക.

15. അഗാധ ദുഃഖവും ഉയർന്ന ശുഭപ്രതീക്ഷയും സമ്മേളിക്കുന്ന ഒരു മാനസികാവസ്ഥയാണ് 'സ്നേഹദൂത'നിലുള്ളത് - പര്യാലോചിക്കുക.

16. 'ചണ്ഡാലഭിക്ഷുകി'യിലെ പ്രകൃതിചിത്രീകരണത്തെക്കുറിച്ച് ഉപന്യസിക്കുക.

17. 'കലാകാരന്റെ വിധി തീരുമാനിക്കേണ്ടത് എന്തിന്റെ അടിസ്ഥാനത്തിലാണ്' - 'കേളു'വിനെ മുൻനിർത്തി വിശദമാക്കുക.

18. 'പുതിയ ആകാശം പുതിയ ഭൂമി' എന്ന പേര് ആ നാടകത്തിന് യോജിക്കുമോ എന്നു കണ്ടെത്തുക.

19. "അവിടെത്തീർന്നൂ ഞങ്ങൾ തമ്മിലെ പൊരുത്തക്കേടതിനപ്പുറമെല്ലാം ചാർച്ചയും ചങ്ങാത്തവും" - പൊരുത്തക്കേടെന്തെന്നും അതിനപ്പുറമുള്ള ചാർച്ചയും ചങ്ങാത്തവും എങ്ങനെ ചിത്രീകരിച്ചിരിക്കുന്നുവെന്നും പരിശോധിക്കുക.

PART C — (4 × 10 = 40 marks)

ഓരോന്നിനും 500 വാക്കിൽ കവിയാതെ നാലു ചോദ്യത്തിന് ഉത്തരമെഴുതുക.

20. നമ്പൂരിത്തത്തിന്റെ അനുകമ്പാർഹമായ പതനമാണ് 'പണ്ടത്തെ മേശാന്തി'യിൽ കാണുന്നത് - നിരൂപിക്കുക.

21. നാടകീയത സൃഷ്ടിക്കാൻ വള്ളത്തോളിനുള്ള കഴിവിന് മികച്ച ഉദാഹരണമാണ് 'ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി' - ചർച്ചചെയ്യുക.

22. നല്ലൊരു നാടകം എന്ന വിശേഷണം 'കേളു'വിന് യോജിക്കുമോ? പരിശോധിക്കുക.

23. അമിതമായ ആദർശവത്കരണംകൊണ്ട് വിശ്വാസ്യത നഷ്ടപ്പെട്ട ഒരു കഥാപാത്രമാണ് സുകുമാരൻ - സ്വമതം സ്ഥാപിക്കുക.

24. 'കേളു' എന്ന നാടകത്തിലെ ഏറ്റവും നല്ല കഥാപാത്രം മീനാക്ഷിയാണ് എന്ന അഭിപ്രായം സ്വീകാര്യമോ? എന്തുകൊണ്ട്?വിശദമാക്കുക.

25. 'ചണ്ഡാലഭിക്ഷുകി'യെ മുൻനിർത്തി ആശാന്റെ സ്നേഹസങ്കല്പം വിവരിക്കുക.